**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 696** **09-06-2021 - ൽ മറുപടിയ്ക്ക്**

**കണ്ടല്ലൂർ, ദേവികുളങ്ങര പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ, ദേവികുളങ്ങര എന്നീ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ , ദേവികുളങ്ങര എന്നീ പഞ്ചായത്തുകളിൽ നിലവിൽ കുഴൽ കിണർ സ്കീമുകളാണ് പ്രവർത്തിക്കുന്നത് . മെച്ചപ്പെട്ട ജലവിതരണം ഉറപ്പാക്കുന്നതിനായി ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ പള്ളിപ്പാട് ജല ശുദ്ധീകരണ ശാലയിൽ നിന്നും കണ്ടല്ലൂർ പഞ്ചായത്തിലെ കോഴിക്കായൽവാരത്തെ 9 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും വിതരണ ശൃംഖലയും ഉൾപ്പെടെ 38.21കോടി രൂപയുടെയും ദേവികുളങ്ങര കുട്ടംവാതിയ്ക്കൽ കടവിൽ 9 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും വിതരണ ശൃംഖലയും ഉൾപ്പെടെ 41.17 കോടി രൂപയുടെയും പദ്ധതിയ്ക്ക ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി ഡി.പി.ആർ തയ്യാറാക്കി ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് 19.05.2021 ൽ നൽകിയിട്ടുണ്ട് . ഡി.പി.ആർ അംഗീകരിച്ച തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ ജല ശുചിത്വ മിഷനിൽ സമർപ്പിച്ച അനുമതി വാങ്ങി സംസ്ഥാന ജല ശുചിത്വ സമിതിയിൽ ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്നതാണ് . |
| (ബി) | കായംകുളം നഗരസഭാ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിൽ ആയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (സി) | പഴയ പൈപ്പുകൾക്ക് പകരം പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | സ്റ്റേറ്റ് പ്ലാൻ, ജൽ ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ